(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൻകിട ഇടത്തരം ജലസേചന മേഖലയിൽ തൃത്താലയിലെ ബ്രിഡ്ജ്-കം-റഗുലേറ്റർ, ചമ്രവട്ടത്തെ ബ്രിഡ്ജ്-കം-റഗുലേറ്റർ, ബാണാസുരസാഗർ എന്നീ പദ്ധതികളുടെ പണി ആരംഭിച്ചിട്ടുണ്ട്. കൂടാതെ പണി മുടങ്ങിക്കിടക്കുകയായിരുന്ന അട്ടപ്പാടി നദീതടപദ്ധതി പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതികളെല്ലാം തന്നെ ഇപ്പോൾ നിർമ്മാണത്തിന്റെ പ്രാരംഭഘട്ടത്തിലാണ്. ഈ പദ്ധതികൾക്കുവേണ്ടി 11/2000 വരെ ചെലവായ തുക താഴെപ്പറയും പ്രകാരമാണ്.

	പദ്ധതിയുടെ പേര്	ചെലവായ തുക(കോടി)
1.	തൃത്താല	5.05
2.	ചമ്രവട്ടം	6.12
3.	ബാണാസുരസാഗർ	4.83
4.	അട്ടപ്പാടി	9.23

തോണിക്കടവിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിന് നടപടി

26(229) ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വെളിയന്നൂർ തോണിക്കടവിൽ ചെക്ക് ഡാം നിർമ്മിക്കണമെന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത്; പ്രസ്തുത എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ പ്രോജക്ട് തയ്യാറാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിക്ക് അംഗീകാരം നൽകുന്നതിന് ഈ സാമ്പത്തിക വർഷം തന്നെ ചെക്ക് ഡാം കമ്മിറ്റിക്ക് അനുമതി നൽകുമോ;

(ഇ) ഈ സാമ്പത്തിക വർഷം തന്നെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നിവേദനത്തിലെ ആവശ്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയറെ അധികാരപ്പെടുത്തിയിട്ടുണ്ട്. ആയത് സർക്കാരിൽ ലഭിച്ചിട്ടില്ല. എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും റിപ്പോർട്ട് ലഭിച്ചശേഷം സാങ്കേതിക വിദഗ്ദ്ധൻമാർ സ്ഥലപരിശോധന നടത്തി പ്രവൃത്തിയുടെ സ്ഥലനിർണ്ണയം കഴിഞ്ഞതിനുശേഷം മാത്രമേ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ കഴിയുകയുള്ളു. ഇവയ്ക്ക് വേണ്ട നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി&ഇ) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയശേഷം മാത്രമേ അനന്തര നടപടിയെടുക്കാൻ കഴിയൂ.

കണക്കൻകടവ് ബ്രിഡ്ജ്-കം-റഗുലേറ്റർ

27(230) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണക്കൻകടവ് ബ്രിഡ്ജ് -കം-റഗുലേറ്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ അത് ഗതാഗതത്തിന് തുറന്നുകൊടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) നിർമ്മാണം ആരംഭിച്ചശേഷം എത്ര തവണ ഇതിന്റെ എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചു ; അത് ഏതൊക്കെയാണ് ; ഓരോ പ്രാവശ്യവും പുതുക്കിയ തുക എത്രയായിരുന്നു ;

(സി) ഇതുവരെ ഇതിനായി എത്ര തുക ചെലവഴിച്ചു ; കരാറുകാരന് തുക മുഴുവൻ നൽകിയോ ;

(ഡി) ഇവിടെ ഇപ്പോൾ ഉപ്പുവെള്ളം കയറികൊണ്ടിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നിർമ്മാണത്തിലെ അപാകത കൊണ്ടാണോ ഇങ്ങനെ സംഭവിക്കുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിർമ്മാണം പൂർത്തിയായി. ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്.

(ബി) 17-07-1996-ലും 18-03-1997-ലും 30-12-1999-ലുമായി മൂന്ന് പ്രാവശ്യം എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചു. ആയത് യഥാക്രമം

6,22,50,000 രൂപ

6,22,44,366 രൂപ

6,20,76,168 രൂപ എന്നിങ്ങനെയായിരുന്നു.

(സി) 1145.77 ലക്ഷം രൂപ ചെലവായി. ബ്രിഡ്ജ്-കം-റഗുലേറ്റർ പണി, മെക്കാനിക്കൽ പണി, അപ്രോച്ച് റോഡ് എന്നിവ ഏറ്റെടുത്തിരുന്ന കരാറുകാർക്ക് മുഴുവൻ തുകയും കൊടുത്തുതീർത്തിട്ടുണ്ട്. വൈദ്യുതീകരണജോലികൾ, ജനറേറ്റർ സപ്ലൈ എന്നിവ ചെയ്തുതീർത്ത കരാറുകാർക്ക് ഫൈനൽ ബിൽ കൊടുത്ത് തീർക്കുവാനുണ്ട്.

(ഡി) റഗുലേറ്റർ കട്ടറുകൾ ഘടിപ്പിക്കുന്ന സമയത്ത് ക്രെയിനിന്റെ റോപ്പ് പൊട്ടി ഷട്ടർ താഴേക്ക് വീണ് അഞ്ചാം ഷട്ടറിന്റെ 'ബിൽ പോർഷനിൽ' കേടുപാടുകൾ സംഭവിച്ചതുമൂലവും ലോക്ക് ചേമ്പറിലെ ഷട്ടർ രാത്രികാലങ്ങളിൽ വഞ്ചി കയറ്റുന്നതിനായി അനുവാദമില്ലാതെ തുറന്നതുമൂലവും കഴിഞ്ഞ വർഷം ഉപ്പുവെള്ളം കയറുകയുണ്ടായി. ഇതിനുള്ള പരിഹാരനടപടികൾ ഉടൻ കൈക്കൊണ്ടിട്ടുണ്ട്. ഈ വർഷം ഉപ്പുവെള്ളം കയറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly